പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 863 08/03/2012-ൽ മറുപടിക്ക്.

## തൊഴിൽ വകുപ്പിന്റെ ക്ഷേമപെൻഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പുമുഖേന നൽകി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | **(എ) തൊഴിൽ വകുപ്പു മുഖേന കർഷക തൊഴിലാളി ക്ഷേമ പെൻഷൻ അൺ ഓർഗനൈസ്ഡ് റിട്ടയർഡ് വർക്കേഴ്സ് പെൻഷൻ എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകി വരുന്നുണ്ട്.** |
| (ബി) ഓരോ ക്ഷേമപെൻഷൻ പദ്ധതിയിലും പെൻഷൻ ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ് ; | **(ബി) കർഷക തൊഴിലാളി ക്ഷേമ പെൻഷൻ - 545063**<br><br>**അസംഘടിത തൊഴിലാളി റിട്ടയർഡ് വർക്കേഴ്സ് ക്ഷേമപെൻഷൻ - 3791** |
| (സി) ഓരോ ക്ഷേമപെൻഷൻ പദ്ധതിയിലും എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; | **(സി) സർക്കാരിന്റെ 16/02/2011-ലെ 264/2012/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കർഷക തൊഴിലാളി പെൻഷൻ 12/11 വരെ വിതരണം നടത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്. 1/12 മുതൽ കുടിശ്ശികയാണ്. അസംഘടിത തൊഴിലാളി റിട്ടേയർഡ് വർക്കേഴ്സ് പെൻഷൻ 10/11 മുതൽ കുടിശ്ശികയാണ്.** |

(ഡി) ഓരോ ക്ഷേമപെൻഷൻ കുടിശ്ശികയും വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

**(ഡി) കർഷക തൊഴിലാളി പെൻഷൻ 03/12 വരെ കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യുവാൻ 71,95,22,428/- രൂപ ആവശ്യമുണ്ട്.**

**അസംഘടിത തൊഴിലാളി റിട്ടയർഡ് വർക്കേഴ്സ് പെൻഷൻ 03/12 വരെ വിതരണം നടത്താൻ കുടിശ്ശിക ഉൾപ്പെട 1,61,26,083/- രൂപ ആവശ്യമുണ്ട്.**

**സെക്ഷൻ ഓഫീസർ**